# ജി. എസ്.വി.എച്ച്.എസ്.എസ്.

## കുടശ്ശനാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26




**ജില്ല: ആലപ്പുഴ**

വിദ്യാഭ്യാസ ജില്ല : മാവേലിക്കര

## ആമുഖം :

വിദ്യകൊണ്ട് പ്രബുദ്ധരാവുകയും അതുവഴി സഹജീവി സ്നേഹം, സമത്വം, സാഹോദര്യം, ജനാധിപത്യ ബോധം, മതേതരത്വ മൂല്യങ്ങൾ എന്നിവ കൈമുതലായുള്ള തലമുറകളെ വാർത്തെടുക്കുന്ന മാതൃ കാ കേന്ദ്രങ്ങളാണ് ഓരോ വിദ്യാലയങ്ങളും.

നമ്മുടെ പൊതു വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നിലവിൽ വന്ന പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. സുസ്ഥിരവും ഗുണമേന്മപരവുമായ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക, ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായ ഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുക, ഇങ്ങനെ നല്ലൊരു തലമുറയെ വാർത്തെടുക്കാനും അതുവഴി രാജ്യത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുവാനും നമുക്ക് സാധിക്കുന്നു. ഇതിനായി വിദ്യാഭ്യാസ വകുപ്പ് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ് എം സി , പിടിഎ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ ഇവരുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്.
അറിവും തിരിച്ചറിവുമുള്ള നല്ലൊരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം .

## ലക്ഷ്യങ്ങൾ:

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യവും ഗുണമേന്മ ഉള്ളതുമായ വിദ്യാഭ്യാസം എല്ലാ ജന വിഭാഗങ്ങളിലും എത്തിക്കുക, പാഠപുസ്തകത്തിൽ നിന്നുള്ള അറിവ് നിത്യജീവിതവുമായി ബന്ധപ്പെടുത്തുക, പാഠപുസ്തകങ്ങൾക്ക് പുറമേ പഠനപ്രവർത്തനങ്ങൾ വികസിപ്പിക്കുക, അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുക ,ഇങ്ങനെ സുസ്ഥിരവികസനവും ഗുണമേന്മയും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനായി.

- പ്രീ പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട അറിവുകൾ നേടിയെന്ന് ഉറപ്പുവരുത്തുക.
- എല്ലാ നിലവാരത്തിലും ഉള്ളവരുടെ പഠനനിലവാരം ഉയർത്തുക.
- ഐ.സി.ടി അധിഷ്ഠിത പഠനസൗകര്യങ്ങൾ പരമാവധി ഉപയോഗിച്ചുകൊണ്ട് പഠന തന്ത്രങ്ങൾ കാര്യക്ഷമമാക്കുക.
- പഠന പിന്നോക്ക ക്കാരെ തുടക്കത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുക.
- ഭൗതികപരമായോ സാംസ്കാരികപരമായോ സാമ്പത്തികപരമായോകുട്ടികളിൽ പഠനം വിടവ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് നികത്തുന്നതിന് ആവശ്യമായ പഠനസഹായം ഉറപ്പുവരുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക പഠന മൂല്യനിർണയ മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുക.
- സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകൽ.
- കലാ കായിക പ്രവർത്തി പരിചയ മികവുകൾ ഉറപ്പാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുക.
- കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിക്കുക.
- സ്കൂൾ ലൈബ്രറി ലാബ് ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

## ഡ്രഗ് ഫ്രീ ക്യാമ്പസ് :

- ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കുട്ടികളിൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂൾതല ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കൽ

## ഞാറ്റുവേല:

- കാർഷിക സംസ്കാരത്തോട് ആഭിമുഖ്യം വളർത്തുന്നതിന് സ്കൂൾ കോമ്പൗണ്ടിൽ കൃഷിത്തോട്ട നിർമ്മാണം പിടിഎ , സി പി ടി എ കാര്യക്ഷമമാക്കുക.
- പഠന ക്യാമ്പുകൾ പഠനയാത്രകൾ സംഘടിപ്പിക്കുക.
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്
- സ്കൂൾതല പദ്ധതിയായ സ്കിൽ എൻഹാൻസ് മെൻറ് പ്രോഗ്രാമിലൂടെ ( S E P ) കുട്ടികളുടെ വ്യക്തിത്വ വികസനം ലൈഫ് സ്കിൽ വികസനം മുതലായവ ഉറപ്പുവരുത്തുക.
- കുട്ടികൾക്ക് അതത് മേഖലകളിലെ വിദഗ്ധരും പ്രഗത്ഭരും മായ വ്യക്തികളോട് സംവദിക്കാനുള്ള അവസരം ഒരുക്കുക.
- നിലവിൽ ഒരുക്കിയിരിക്കുന്ന യാത്രാസൗകര്യങ്ങൾക്ക് ഉപരിയായി കൂടുതൽ കുട്ടികൾക്ക് കൃത്യസമയത്ത് സ്കൂളിൽ എത്തിച്ചേരാനും തിരിച്ച് സ്വഭവനങ്ങളിലേക്ക് പോകാനും വേണ്ടിയുള്ള യാത്ര സൗകര്യം ഒരുക്കുക.
- നിലവിലുള്ള ക്ലാസ് മുറികൾ കൂടാതെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ് മുറികളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള മാർഗങ്ങൾ കണ്ടെത്തുക.

## വിദ്യാലയ ചരിത്രം:

കൊല്ലവർഷം 1102 (AD 1927) ൽ കൈതക്കാട്ട് തെക്കേ പുരയിടത്തിലാണ് ഈ സ്കൂൾ സ്ഥാപിതമായത്. ഒരു ഓല ഷെഡിൽ ആയിരുന്നു "ശങ്കര വിലാസം" സ്കൂൾ പ്രവർത്തനം തുടങ്ങിയത് . പുത്തൻവീട്ടിൽ ശ്രീ കേശവക്കുറുപ്പ് ആണ് സ്കൂൾ സ്ഥാപിച്ചത്. ഹരി ജനോദ്ധാരണംആയിരുന്നു ലക്ഷ്യം . ഇപ്പോൾ സ്കൂൾ നിൽക്കുന്നിടത്തുനിന്നും അര മൈൽ മാറിയായിരുന്നു സ്കൂൾ നിലനിന്നിരുന്നത്.ഉളവു ക്കാട്ടുകാരനായ ശ്രീ കൊച്ചു ചെറുക്കൻ അവർകൾ ആയിരുന്നു ആദ്യ ഹെഡ്മാസ്റ്റർ. AD 1929 ൽ ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് അധ്യയനം ആരംഭിച്ചു.
ഈ സ്ഥലവും കെട്ടിടവും എല്ലാം സംഭാവന ചെയ്തത് ശ്രീ കേശവകുറുപ്പ് ആണ് .ക്രമേണ ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകൾ ഉള്ള പ്രൈവറ്റ് സ്കൂളായി.

ശ്രീ കേശവക്കുറുപ്പിന്റെ മരണാനന്തരം അനുജൻ പാപ്പാടിയിൽ പത്മനാഭ കുറുപ്പ് ഭരണമേറ്റെടുത്തു. 1946 ൽ സ്കൂളും സ്ഥലവും ഗവൺമെന്റിന് കൈമാറി. 1960 ജൂൺ മാസത്തിൽ യുപി സ്കൂൾ ആരംഭിച്ചു.ശ്രീ ചന്ദ്രശേഖരക്കുറുപ്പ് കൈതക്കാട്ട്, ശ്രീപത്മനാഭക്കുറുപ്പ് (എച്ച് എം ) ശ്രീ രാമക്കുറുപ്പ് (അധ്യാപകൻ) എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ അപ്ഗ്രേഡിങ് കമ്മറ്റി ഹൈസ്കൂളിന് വേണ്ടി പ്രവർത്തിക്കുകയും 1969 ജൂൺ മാസത്തിൽ ഹൈസ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.അതിനുശേഷം ഗവൺമെന്റിൽ നിന്നും കെട്ടിടം അനുവദിച്ച് നൽകുകയും പൂർണ്ണസജ്ജീകരണങ്ങളോടെ ഹൈസ്കൂളായി മാറുകയും ചെയ്തു.
2004 ൽ ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു.സയൻസ് ,കൊമേഴ്സ് എന്നിവയുടെ ഓരോ ബാച്ച് അനുവദിച്ചു. 2011 ൽ കമ്പ്യൂട്ടർ സയൻസ് ബാച്ച് അനുവദിച്ചു.ബഹുമാനപ്പെട്ട എംപി ,എംഎൽഎ ,ജില്ലാ പഞ്ചായത്ത് ,ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നീ നിലകളിലുള്ള സാമ്പത്തിക സഹായത്താൽ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ലഭിക്കുകയും സ്കൂൾ ഇന്നത്തെ നിലയിൽ എത്തിച്ചേരുകയും ചെയ്തു.2015 ൽ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിച്ചു 2016 ൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിച്ചു.

## സ്കൂൾ പൊതു ചിത്രം:

തികച്ചും പ്രശാന്ത സുന്ദരമായ ആതിരമലയുടെ താഴ്‌വാരത്ത് തികഞ്ഞ ഗ്രാമാന്തരീക്ഷത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് .സ്കൂളിന് ആകെ മൂന്നേക്കറോളം സ്ഥലമാണുള്ളത്. തട്ടുകളായി തിരിഞ്ഞ് ചരിവുള്ള പ്രദേശത്താണ് സ്കൂൾ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത്. പ്രകൃതിരമണീയവും ശാന്ത സുന്ദരവുമായ വിദ്യാലയം മികച്ച പഠനാന്തരീക്ഷമാണ് ഒരുക്കുന്നത്.

## TOTAL STRENGTH: CLASS WISE:

| STD | Boys | Girls | Total |
|---|---|---|---|
| Pre-primary | 12 | 22 | 34 |
| STD 1 | 9 | 6 | 15 |
| STD 2 | 8 | 8 | 16 |
| STD 3 | 10 | 14 | 24 |
| STD 4 | 10 | 17 | 27 |
| STD 5 | 20 | 19 | 39 |
| STD 6 | 16 | 23 | 39 |
| STD 7 | 17 | 18 | 35 |
| STD 8 | 25 | 19 | 44 |
| STD 9 | 25 | 22 | 47 |
| STD 10 | 20 | 28 | 48 |
| STD 11 | 70 | 42 | 112 |
| STD 12 | 73 | 53 | 126 |

## ജീവനക്കാരുടെ വിശദാംശങ്ങൾ:

### ഹൈസ്കൂൾ വിഭാഗം:

1. ഹെഡ്മിസ്ട്രസ് : ശ്രീമതി അന്ന റേച്ചൽ വർഗീസ്
2. സെബാസ്റ്റ്യൻ ജി : എച്ച്. എസ്. ടി ഫിസിക്കൽ സയൻസ് (സീനിയർ അസിസ്റ്റൻറ്)
3. ഉമാദേവി .ബി : എച്ച്. എസ്. ടി സോഷ്യൽ സയൻസ് (എസ്.ഐ .ടി .സി ,ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ,ബസ് കൺവീനർ)
4. മിനി .എസ് : എച്ച് .എസ്. ടി മാത്തമാറ്റിക്സ് (എസ്. ആർ. ജി കൺവീനർ)
5. ഉഷാകുമാരി 'ആർ : എച്ച്. എസ്. ടി നാച്ചുറൽ സയൻസ് (വിമുക്തി ക്ലബ്ബ് കൺവീനർ ,ടീൻസ് ക്ലബ്ബ് കൺവീനർ)
6. സോണിയ .എസ് : എച്ച് .എസ് . ടി മലയാളം (വിദ്യാരംഗം കൺവീനർ)
7. ലതിക ബാലകൃഷ്ണൻ : എച്ച് .എസ് . ടി ഹിന്ദി (ORC കൺവീനർ)
8. സുമയ്യ അസീസ് .പി : യു .പി . എസ് . ടി (നൂൺ മീൽ കൺവീനർ)
9. സജീന .പി .എസ് : യു .പി .എസ് .ടി (സ്റ്റാഫ് സെക്രട്ടറി)
10. ശ്രീദേവി .ആർ :യു .പി . എസ് . ടി (സൊസൈറ്റി സെക്രട്ടറി)

11. റീന .വി : യു .പി .എസ് .ടി (റെഡ് ക്രോസ് കൺവീനർ)
12. ഫസീന ബീവി .എസ് : യു .പി .എസ് . ടി (CWSN, YIP - Charge)
13. ഹലീമ ബീവി .പി: എൽ. പി .എസ് .ടി
14. ലേഖ കുമാരി. എസ് : എൽ .പി . എസ് . ടി (കലോത്സവം കൺവീനർ)
15. രമ്യ .ജി : എൽ. പി .എസ് .ടി (അസംബ്ലി കൺവീനർ)
16. നയന. എസ് : എൽ .പി . എസ് . ടി (ശുചിത്വ ക്ലബ് കൺവീനർ)
17. ശരണ്യ .എസ് : പ്രീ പ്രൈമറി ടീച്ചർ
18. മഞ്ജു .പി: പ്രീ പ്രൈമറി ടീച്ചർ

## ഓഫീസ് സ്റ്റാഫ് :

1. ബീന റാണി.ജി .ആർ : ക്ലാർക്ക്
2. വിജയമ്മ .പി: പാർട്ട് ടൈം മീനിയൽ
3. പ്രമീദ . ഒ : ഫുൾടൈം മിനിയൽ
4. ദൃശ്യ ദിലീപ് : ഓഫീസ്അറ്റൻഡന്റ്
5. അശ്വിനി .പി : പ്രീ പ്രൈമറി ഹെൽപ്പർ

## ഹയർസെക്കൻഡറി വിഭാഗം:

1. രാധിക ദേവി. ആർ : പ്രിൻസിപ്പാൾ
2. സത്യജ്യോതി .എസ് : എച്ച് .എസ് .എസ് .ടി കെമിസ്ട്രി (സീനിയർ അസിസ്റ്റൻറ്, എസ്. പി .സി ചാർജ് ഓഫീസർ)
3. വിനോദ് .പി .എം : എച്ച് .എസ്. എസ്. ടി ഫിസിക്സ് ( സ്കൗട്ട് കൺവിനർ)
4. സുജിത്ത് 'പി : എച്ച്. എസ്. എസ്. ടി ഇംഗ്ലീഷ് (എൻ. എസ് .എസ് പ്രോഗ്രാം ഓഫീസർ)
5. ഡോക്ടർ സെബാസ്റ്റ്യൻ' എ : എച്ച് .എസ് . എസ് . ടി ബോട്ടണി
6. പ്രീത. പി : എച്ച്. എസ്. എസ്. ടി കൊമേഴ്സ്
7. ആർഷ വിജയൻ : എച്ച്. എസ് എസ്.ടി കമ്പ്യൂട്ടർ സയൻസ്
8. റെനി മാത്യു : എച്ച്. എസ്. എസ്.ടി എക്കണോമിക്സ്
9. ജ്യോതിലക്ഷ്മി .വി .ജി : എച്ച്.എസ്. എസ്.ടി ഇംഗ്ലീഷ് ( കരിയർ ഗൈഡൻസ് സെൽ)
10. മഞ്ജുമോൾ .ആർ : എച്ച് .എസ് . എസ്.ടി ഫിസിക്സ് (എ.സി.പി ഒ, എസ്.പി.സി)
11. ബുഷ്റ .എം .എസ് : എച്ച്. എസ്. എസ്. ടി മലയാളം
12. ശില്പ.ആർ. ചന്ദ്രൻ : എച്ച്. എസ് എസ്.ടി സുവോളജി
13. സജിനി .എസ് : എച്ച് .എസ് .എസ് .ടി മാത്തമാറ്റിക്സ്
14. സന്ധ്യ .എസ് : എച്ച്.എസ്.എസ് ടി കൊമേഴ്സ്
15. സൂര്യ .എസ് .പിള്ള : എച്ച് .എസ് . എസ്.ടി കെമിസ്ട്രി
16. ലേഖ കുമാരി. ഒ : എച്ച്.എസ്.എസ് ടി കമ്പ്യൂട്ടർ സയൻസ്

## ഓഫീസ് സ്റ്റാഫ് :

1. സരോജിനിയമ്മ .സി : ലാബ് അസിസ്റ്റന്റ് (ORC കൺവീനർ)
2. സുധീപ് . എ : ലാബ് അറ്റൻഡന്റ്

## വിദ്യാലയം മികവിന്റെ കേന്ദ്രം:

## മികവുകൾ:

- ആലപ്പുഴ ജില്ലയിലെ ഏറ്റവും മികച്ച പൊതുവിദ്യാലയം.
- പ്രീ പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരേ കടക്കീഴിൽ.
- 2021- 22 ലെ സ്കൂൾ വിക്കി പുരസ്കാരം നേടുന്നതിനായി മത്സരിച്ച വിദ്യാലയം.
- 2019 ൽ മികച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനുള്ള പുരസ്കാരം ലഭിച്ച വിദ്യാലയം.
- മികച്ചതും വൃത്തിയുള്ളതുമായ ഭൗതിക സാഹചര്യം.
- സ്മാർട്ട് ക്ലാസ് മുറികൾ സയൻസ്, കമ്പ്യൂട്ടർ ലാബുകൾ
- സ്കൂൾ ബസ് സൗകര്യം
- സ്കൂളിൽ കൗൺസിലറുടെ സേവനം ലഭ്യമാണ്.
- അടുക്കളയും ഊണുമുറിയും പെൺകുട്ടികൾക്കായി വിശ്രമം മുറിയും.
- കഴിഞ്ഞ 13 വർഷങ്ങളായി എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം. ഹയർസെക്കൻഡറി വിഭാഗം മികച്ച വിജയശതമാനം.
- ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കാൻ ശുദ്ധജല സംഭരണി.
- കുട്ടികൾക്കായി പ്രത്യേക കളി സ്ഥലം.
- എൽ എസ് എസ്,   യു എസ് എസ് , എൻ പി എസ്, എൻ എം എം എസ് പരിക്ഷകളിൽ മികച്ച വിജയം.
- സേവന സന്നദ്ധരായ അധ്യാപകർ സ്കൂൾ ജീവനക്കാർ മികച്ച പി. ടി. എ.
- 2023 ൽ മികച്ച ലിറ്റിൽ കൈറ്റ് ക്ലബ് പുരസ്കാരം നേടിയ വിദ്യാലയം.
- ശാസ്ത്രമേളയിൽ സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനവും സൗത്ത് സോണിൽ എം വിശ്വേശ്വരയ്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രത്യേക പരാമർശവും പുരസ്കാരവും നേടിയ വിദ്യാലയം.
- ഉപജില്ല ജില്ലാ കലാകായിക ഇനങ്ങളിൽ പുത്തൻ ഉണർവ് കൈവരിച്ചിരിക്കുന്ന വിദ്യാലയം.
- സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും നിലവിൽ കാനറാ ബാങ്ക് സോണൽ മാനേജറുമായ ശ്രീ ബിജു അവർകൾ സ്കൂളിനായി ₹ 50,000 മാനുവൽ ഇൻസി ജുലേറ്ററും മൈക്ക് സിസ്റ്റവും നൽകി. മാത്രമല്ല ഒമ്പതാം ക്ലാസിൽ ഉന്നത വിജയം നേടിയ ഒൻപത് കുട്ടികൾക്ക് ഓരോ കുട്ടിക്കും 3000 രൂപ എന്ന കണക്കിന് 27000 രൂപ സ്കോളർഷിപ്പ് നൽകി സഹായിച്ചു.
- ജെ സി എ ഭാരവാഹികൾ സ്കൂളിനായി ₹ 50,000 R.o  പ്ലാന്റും വാട്ടർ പ്യൂരിഫയറും നൽകി സഹായിച്ചു.
- ബ്ലോക്ക് പഞ്ചായത്ത് കുഴൽക്കിണർ പദ്ധതിയും ജില്ലാ പഞ്ചായത്ത് മറ്റു ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കാനും വേണ്ടിയുള്ള നടപടികൾ നവീകരിച്ചു.
- സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി കൂടിയായ ശ്രീ എം ടി വർഗീസ് അവർകൾ സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് 100 കസേരകൾ നൽകി സഹായിച്ചു.
- മൂപ്പൻസ് ഗ്രൂപ്പ് സ്കൂളിലേക്ക് ഒരു മെൻഡിങ് മെഷീൻ നൽകി സഹായിച്ചു.
- സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി സംഘടന പ്രസിഡന്റായ ശ്രീ എബ്രഹാം മാത്യു വീരപ്പള്ളി അവർകളുടെ നേതൃത്വത്തിൽ " എന്റെ കൗമുദി" പദ്ധതിയുടെ കീഴിൽ സ്കൂളിന് തികച്ചും സൗജന്യമായി ദിനപത്രം നൽകി സഹായിച്ചു. എം പി എൻജിനീയറിങ് കൺസ്ട്രക്ഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മുംബൈ ഘടകമാണ് പത്രം സ്പോൺസർ ചെയ്തത്.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ :

- ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ക്ലാസ് മുറികളുടെ അഭാവം .

- ഹൈസ്കൂൾ വിഭാഗത്തിന് പ്രത്യേക സയൻസ് ലാബ് ലൈബ്രറി എന്നിവ ഇല്ല.
- വായന മുറി ഇല്ല .
- ഹയർസെക്കൻഡറി ഹൈസ്കൂൾ കുട്ടികൾക്ക് ടോയ്‌ലറ്റ് അപര്യാപ്തത .
- ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് /കൃത്യസമയത്ത് സ്കൂളിൽ എത്തിച്ചേരാനും തിരികെ വീട്ടിലെത്താനും സ്കൂൾ ബസ് അപര്യാപ്തത .

## സ്കൂൾ പി.ടി.എ:

- നിലവിൽ (2024-25) വർഷം തിരഞ്ഞെടുക്കപ്പെട്ട പി. ടി. എ തന്നെ തുടരുന്നു.
- പി. ടി. എ പ്രസിഡന്റ്: ശ്രീ എസ്. ആർ. മനോജ്.
- പി. ടി. എ. വൈസ് പ്രസിഡന്റ്: ശ്രീ സുകുമാരൻ.
- പി. ടി. എ അംഗങ്ങൾ: ശ്രീ ജൂറൈദ്, ദിലീന, റേച്ചൽ സാമുവൽ, മഞ്ജു പൊന്നച്ചൻ, ശ്രീ വാസു, ശ്രീ രാജേഷ്.

## എം . പി . ടി .എ:

പ്രസിഡൻറ് : മഞ്ജു പൊന്നച്ചൻ

## എസ്. എം. സി:

ചെയർമാൻ : ശ്രീ ഉമ്മൻ തോമസ്

## മാസ്റ്റർ പ്ലാൻ രൂപീകരണ പ്രക്രിയ :

സുസ്ഥിരവും തുല്യതയും എല്ലാ വിഭാഗത്തെയും ഉൾക്കൊള്ളിക്കുന്ന തരത്തിലും അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതും ആധുനിക വിദ്യാഭ്യാസം നയ ആശയങ്ങളെ സാംശീകരിക്കുന്നതുമായ പഠനാന്തരീക്ഷം സ്കൂളിൽ സൃഷ്ടിക്കൽ, പുതിയ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തനപ്പെടുത്തൽ, രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ, സർവോപരി ഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവഹണ പങ്കാളികളുടെ മനോഭാവം മാറ്റിയെടുക്കൽ, കുട്ടികളിൽ പുത്തൻ കടമ ബോധം സാംശീകരിക്കൽ പഠിതാവിന്റെ സർവ്വതോന്മുഖമായ വികസനത്തിനു വേണ്ടിയുള്ള പദ്ധതി ആവിഷ്കരണങ്ങൾ ,ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള വിദ്യാഭ്യാസ രീതികൾ , നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ , സ്കൂളിന്റെയും കുട്ടികളുടെയും സമഗ്ര വികസനത്തിന് ഇടപെടുന്ന എല്ലാ സംവിധാനങ്ങളുടെയും ഏകോപിപ്പിക്കൽ, തുടങ്ങിയ ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സ്കൂളിലെ മുഴുവൻ സ്റ്റാഫും പി.ടി.എ പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഒരു ആലോചനയോഗം 2 /6 /2025 ന സ്കൂളിൽ വെച്ച് നടത്തി. എസ്. എം. സി ,പി.ടി.എ ,എസ് .ആർ .ജി, തുടങ്ങിയവയിൽ രൂപപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സാംശീകരിച്ച കൊണ്ട് ഏഴംഗ കമ്മിറ്റി രൂപീകരിച്ച് സീനിയർ അസിസ്റ്റൻറിനെ ചുമതല ഏൽപ്പിച്ചു. തുടർന്ന് വിവിധ വിഷയാധ്യാപകരുടെ സഹായത്തോടെ കരട് തയ്യാറാക്കി .

# അക്കാദമിക മാസ്റ്റർ പ്ലാൻ std 1

## മലയാളം

ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും കഴിവുള്ളവ രാവുക മറ്റുള്ളവരുടെ സഹായം ഇല്ലാതെ എല്ലാ കുട്ടികളും ആശയങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുക

ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു

തിയേറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപദയാഗിച്ച് വായനയിലേക്ക് കുട്ടികളെ നയിക്കുന്നു

ലിപികൾ  തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ എഴുതുന്നു

സ്വതന്ത്ര വായനയ്ക്ക് അവസരം ഉണ്ടാവുക

സർഗ്ഗശേഷികൾ കൈവരിക്കുന്നു

പാട്ടരങ്ങ് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു

ജൂൺ

പ്രവർത്തനങ്ങൾ

സചിത്ര ഡയറി  സംയുക്ത ഡയറി എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

ചിത്ര കാർഡുകൾ വായനക്കാർഡ് നിർമ്മാണ ശില്പശാല

ജൂലൈ

പ്രവർത്തനങ്ങൾ

കുട്ടിക്ക് കഥ പറയാൻ അവസരം ഉണ്ടാവൽ

സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ

വായന മൂലഒരുക്കൽ

ചിത്ര വായനയ്ക്ക് അവസരം

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

ഭാഷ വികസനത്തിന് അവസരമുണ്ടാക്കുന്നു

അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു

സംയുക്ത ഡയറി എഴുത്ത് തുടരുന്നു

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

രച നോത്സവത്തിൽ സ്വതന്ത്ര രചനകൾ നടത്തുന്നു

ചെറിയ ചെറിയ വാചകങ്ങളിലൂടെ രചനാ ശേഷി മെച്ചപ്പെടുത്തുന്നു

സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഉണ്ടാവുന്നു

ഒക്ടോബർ

പ്രവർത്തനങ്ങൾ

ചിത്ര വായനയ്ക്ക് അവസരം

വായനോത്സവം ആസ്വാദ്യകരമായ വായന എന്നിവ നടത്തുന്നു

നവംബർ

പ്രവർത്തനങ്ങൾ

ചെറിയ വായന കാർഡുകൾ ചിത്രകഥ പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ച് കൂട്ട വായന നടത്തുന്നു

കൂട്ട വായന വീട്ടു വായന ചിത്രവായന ഇവ നടത്തുന്നു

സംയുക്ത ഡയറി എഴുത്ത് തുടരുന്നു

ഡിസംബർ

പ്രവർത്തനങ്ങൾ

രചനശേഷി പരിപോഷിപ്പിക്കുന്നു

സ്വന്തം അനുഭവങ്ങൾ തെറ്റില്ലാതെ എഴുതാൻ ശ്രമിക്കുന്നു

സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു

ജനുവരി

പ്രവർത്തനങ്ങൾ

തിയേറ്റർ സാധ്യതകൾ വായന കേളികൾ ഉപയോഗിച്ച് കുട്ടികൾ സ്വതന്ത്ര വായനക്കാർ ആകുന്നു

സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്തു പുസ്തകം തയ്യാറാക്കുന്നു

സംയുക്ത ഡയറി തുടരുന്നു

ഫെബ്രുവരി

പ്രവർത്തനങ്ങൾ

കുട്ടികളുടെ രചനകൾ മാഗസിൻആക്കുന്നു

ഭാഷോത്സവം രചനോത്സവം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു

സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു

മാർച്ച്

പ്രവർത്തനങ്ങൾ

ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ നടത്തുന്നു

കൂട്ട വായന വീട്ടു വായന അമ്മ വായന സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ ഉണ്ടാവുന്നു.

## STANDARD 1

### ENGLISH

Objectives and learning outcomes.
Listen to teacher talks and show signs of understanding verbally and non-verbally engage in games.

Respond to simple instructions in the classroom. Familiarize the names of birds, animals, their young ones and identities them from pictures.

JUNE
Introduce simple words
Enjoy songs

**JULY**
Identify familiar words
Identify familiar animals and birds
Engage in games

**AUGUST**
Enjoy songs and sings them with rhythm and action
Comprehend the instruction of the teacher and respond accordingly.

**SEPTEMBER**

Students understand familiar objects, animals and birds etc.
They enjoy singing songs.
They like socialising and making friends engage in skit and choreography etc.

**OCTOBER**

Make chain sentence chain
Read and enjoy a story.
Read conversations, songs and simple descriptions
Test book activities.

NOVEMBER
Prepare readings cards
They add more lines to a given song

**DECEMBER**
They are getting familiarized with words like has / have, ability etc.

They are starting to understand the sound valves of letters and letter clusters.

**JANUARY**
Enjoy songs and sings them with rhythm and action
Add more lines to a given song
Write short description about familiar objects.

**FEBRUARY**
Construct dialogues related to specific contexts.
Text book activities.

MARCH
Read and write simple sentences
Picture reading and picture descriptions
Text book activities.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • രൂപങ്ങൾ തിരിച്ചറിയുന്നു പറയുന്നു. | ◆ 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നുഎഴുതുന്നു, 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>◆ 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തുന്നു.<br>◆ സംഖ്യകൾ വലുതും ചെറുതും കണ്ടെത്തുന്നു.<br>◆ ചെറുതിൽ നിന്ന് വലുതിലേക്ക് വലുതിൽ നിന്ന് ചെറുതിലേക്ക് എന്ന രീതിയിൽ ക്രമീകരിക്കുന്നു.<br>◆ രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം, ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം, സംഖ്യകളുടെ പാറ്റേൺ രൂപീകരിക്കുന്നു.<br>◆ 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുന്നു. ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | ജൂൺ | അധ്യാപകർ, പി.ടി.എ |
| • രൂപങ്ങൾ തിരിച്ചറിയുന്നു പറയുന്നു. | ◆ രൂപങ്ങൾ ആകൃതിക്ക് അനുസരിച്ച് തരംതിരിക്കുന്നു.<br>◆ ചിത്രങ്ങൾക്ക് നിറം കൊടുക്കുകയും ചിത്രപാറ്റേണുകൾ പൂർത്തീകരിക്കുകയും നിറം നൽകുകയും ചെയ്യുന്നു.<br>◆ സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു | ജൂലൈ | അധ്യാപകർ, പി. ടി. എ |
| • സ്ഥാനങ്ങൾ തിരിച്ചറിയുന്നു. | ◆ സ്ഥലപരമായ അവസ്ഥയെ സൂചിപ്പിക്കുന്ന അകത്ത്, പുറത്ത്, മുകളിൽ, താഴെ, മുന്നിൽ, പിന്നിൽ എന്നീ പദങ്ങൾ ഉപയോഗിക്കുന്നു.<br>◆ ഗണിത കിറ്റ് തയ്യാറാക്കുന്നു. | ഓഗസ്റ്റ് | അധ്യാപകർ, പി.ടി.എ |
| • സംഖ്യകൾ തിരിച്ചറിയുന്നു. | ◆ 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു തുല്യം, കൂടുതൽ, കുറവ് എന്നിവ തിരിച്ചറിയുന്നു.<br>◆ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | സെപ്റ്റംബർ | അധ്യാപകർ, പി.ടി എ |
| | ◆ രണ്ടു സംഖ്യകൾ തമ്മിലുള്ള വ്യവകലന ക്രിയകൾ ചെയ്യൽ .<br>◆ പകുതി ഇരട്ടി കൂടുതൽ കുറവ് എന്നി | ഒക്ടോബർ | അധ്യാപകർ പി.ടി.എ |

| | | | |
|---|---|---|---|
| | ആശയങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ ചെയ്യുന്നതിന് ഒരു സംഖ്യയെ അതിനേക്കാൾ ചെറിയ സംഖ്യകളുടെ തുകയായി വ്യത്യസ്ത രീതിയിൽ മാറ്റുന്നതിന് സംഖ്യാ ഗാനങ്ങൾ ആലപിക്കുന്നതിന്. | | |
| | ◆ ചെറിയ സംഖ്യ വലിയ സംഖ്യ തിരിച്ചറിയൽ.<br>◆ ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ.<br>◆ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നു. | നവംബർ | അധ്യാപകർ, പി.ടി.എ |
| | ◆ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>◆ സംഖ്യാ ഗാനങ്ങൾ പാടുന്നു.<br>◆ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഡിസംബർ | അധ്യാപകർ, പി.ടി.എ |
| • സംഖ്യകൾ ചെറുത് വലുത് കണ്ടുപിടിക്കുന്നു. | ◆ ചെറിയ സംഖ്യയിൽ നിന്ന് വലുതിലേക്ക് വലിയ സംഖ്യയിൽ നിന്ന് ചെറുതിലേക്ക് എന്നിങ്ങനെ ക്രമീകരിക്കുന്നു.<br>◆ ഗണിത ആൽബം തയ്യാറാക്കുന്നു. | ജനുവരി | അധ്യാപകർ, പി.ടി.എ |
| • സങ്കലന പ്രവർത്തനങ്ങൾ വ്യവകലന പ്രവർത്തനങ്ങൾ. | ◆ 1 മുതൽ 10 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം. | ഫെബ്രുവരി | അധ്യാപകർ, പി.ടി.എ |
| • വില വിവര പട്ടിക. | ◆ പ്രശ്ന വിശകലന പ്രവർത്തനങ്ങൾ.<br>◆ ഗണിത ആൽബം.<br>◆ സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.<br>◆ ഗണിതക്രിയ പ്രവർത്തനങ്ങൾ ,വർക്ക് ഷീറ്റുകൾ , ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ. | മാർച്ച് | അധ്യാപകർ, പി.ടി.എ |

അക്കാദമിക മാസ്റ്റർ പ്ലാൻ

Std 2

ഗവ:എസ്.വി എച്ച്. എസ് കടശ്ശനാട് 2025-2026 അധ്യയന വർഷം ഒന്നാം ക്ലാസിൽ നിന്ന് രണ്ടാം ക്ലാസിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാര ഉറപ്പാക്കേണ്ടതുണ്ട് ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനാണ്.

**പ്രവർത്തന ലക്ഷ്യങ്ങൾ**

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയം എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന്.

* എല്ലാ കുട്ടികളിലും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* എല്ലാ കുട്ടികളേയും തെറ്റുകളില്ലാത്ത വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവർ ആക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

**മുന്നൊരുക്കം**

* പ്രീടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ ക്ലാസ് പി ടി എ നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.

* ജൂൺ

. ചിത്ര കാർഡുകൾ നൽകൽ

. ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ.

. വായന സാമഗ്രികൾ നിർമ്മിക്കൽ.

. വായനയും എഴുത്തും പഠിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

*ജൂലൈ

. ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പിക്കുന്നു.

.ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റേയും സാധ്യത ഉറപ്പാക്കുന്നു

. സ്കൂൾ ലൈബ്രറി ,ക്ലാസ് ലൈബ്രറി ഇവ സജ്ജീകരിക്കുന്നു.

*ആഗസ്റ്റ്

. ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ.

. രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ.

. വീട്ടു ലൈബ്രറി ഒരുക്കൽ.

. ചിത്ര വിവരണം.

.വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

*സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.

.വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

.വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ .

. വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നൽകൽ.

*ഒക്ടോബർ

' കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ ഇവ സ്വന്തം ഭാഷയിൽ അവതരിപ്പിക്കാനുള അവസരം ഒരുക്കൽ.

. വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണ നൽകുന്നു.

*നവംബർ

. കുട്ടികളിൽ സ്വതന്ത്ര സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള അവസരം കൊടുക്കുന്നു.

. ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിന് പ്രവർത്തനങ്ങൾ ചെയ്യുന്നു.

. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

*ജനുവരി

. വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും അവസരം.

ലഘു വിവരണം പ്രത്യേകതകൾ ഇവ എഴുതുന്നു വായിക്കുന്നു .

* ഫെബ്രുവരി

* ഭാഷണം, ലേഖനം എഴുത്ത് എന്നിവയിൽ കുട്ടികളെ എത്തിക്കാൻ സാധിച്ചു.

* സ്വതന്ത്ര സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ.

* മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കുന്നു.

* പതിപ്പുകൾ, കയ്യെഴുത്ത് മാസികകൾ, മാഗസിനുകൾ ഇവ തയ്യാറാക്കൽ. 1

* വീട്ടു വായന, കൂട്ടുവായന നാട്ടു വായന/ ചിത്രവായന ഇവ പ്രോത്സാഹിപ്പിക്കൽ.

## ഗണിതം

**പ്രവർത്തന ലക്ഷ്യം**

. പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

.വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

*ജൂൺ

സംഖ്യാ പാറ്റേണിലെ സംഖ്യകൾ കണ്ടെത്തുന്നു.

. ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ അടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുൻപുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകും.

*ജൂലൈ

. വസ്തുക്കളെ കൂട്ടങ്ങളാക്കി എണ്ണം പറയൽ.

'ഗണിത കിറ്റ് ഉറപ്പാക്കൽ.

. പത്തിന്റെയും ഒന്നിന്റേയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

*ആഗസ്റ്റ്

. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.

ഓരോ സംഖ്യയേയും പ്രായോഗിക ഗണിത തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

*സെപ്റ്റംബർ

ഗണിതകിറ്റ് ഉപയോഗിച്ച പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

വിലവിവര പട്ടിക തയ്യാറാക്കൽ.

ക്ലാസിലൊരു കട , സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

* ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നനിർദ്ധാരണം.

* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൻ . സംഖ്യാ പാറ്റേൺ രൂപീകരിക്കൽ.

* നവംബർ

* സ്ഥാനവിലല തിരിച്ചറിയൽ .

* കളിനോട്ടുകൾ തയ്യാറാക്കി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

* ക്ലാസിനൊരു കളിയിലൂടെ പ്രശ്ന നിർദ്ധാരണം.

* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർക്കൽ.

* ഡിസംബർ

* സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

* സ്ഥാനവില പോക്കറ്റ്/ അബാക്കസ് നിർമ്മാണം.

* രണ്ടക്ക സംഖ്യകളുടെ തുക കാണാനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

*ജനുവരി .

' വിലവിവരപ്പട്ടിക തയ്യാറാക്കൽ, പ്രശ്നനിർദ്ധാരണം തുക കാണൽ'

. സങ്കലനവ്യവകലന ക്രിയകൾ ചെയ്യുന്നു.

* ഫെബ്രുവരി

* ഗണിതാലാപനം

* ഗണിത പഠനം കളിരീതിയിൽ ഉൾപ്പെടുത്തി വിജയം കാണൽ.

*മാർച്ച്

. കലണ്ടർപ്പതിപ്പ് / സംഖ്യാ ബന്ധങ്ങൾ /പാറ്റേൺ ഇവ നിർമ്മിക്കുക.

മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തുന്നു.

## English

Aim : To Speak, Read and write English without mistake i
June
* pretest
To develop listening skills and reading Stills first
. Listening skills.
Games / Action Songs Hellow English Sconversations , Skit , Stories
Use ICT
*Speaking skills
Descriptions, growing Sentences spicture reading, Picture des uiption Self introduction, Speech book review etc

* July and August
* Reading Skills
* Newspaper reading, library book reading .reading breaking news Find words, Collect and read past tense rhyming words, descibing words etc
* Writing Skills
* make word Web picture descriptions word chain sentence Chain / make riddles / Conversation Add more liness story description . notice preperation /magazines

### * പ്രവൃത്തി പരിചയം

നിർമ്മാണാത്മക പ്രവർത്തനങ്ങൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക, പാഴ്‌വസ്തുക്കളിൽ നിന്നും പാഠനോപകരണങ്ങളും മറ്റു ഉപയോഗമുള്ള വസ്തുക്കളും നിർമ്മിക്കുക ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയ പഠനത്തെ ബന്ധിപ്പിക്കുക.

### *കലാപരിശീലനം

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക കലാഭിരുചി വളർത്തുക, ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക, ICT കലാപഠനത്തിൽ പ്രയോജനപ്പെടുത്തുക. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുക.

### *ആരോഗ്യ കായിക വിദ്യാഭ്യാസം

മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തമാക്കുക. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക, ആരോഗ്യ ശീലങ്ങൾ വളർത്തുക ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

മൊത്തത്തിൽ ഗവ. എസ്.വി.എച്ച് എസ് കടശ്ശനാടിലെ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയുടേയും കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ വ്യക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച് സജീവവും വ്യവസ്ഥാപിതവുമാ ഒരു പാത രൂപരേഖ ചെയ്യുന്ന ഒരു ശക്തമായ തന്ത്രപരമായ മാർഗനിർദ്ദേശമായി മാസ്റ്റർപ്ലാൻ നില കൊള്ളുന്നു.

*****

# മലയാളം std 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✗ വായന. മലയാളം തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോതെയും അനായാസമായി വായിക്കുവാൻ. | ◆ പ്രീ ടെസ്റ്റ്<br>◆ ക്ലാസ്സ് ലൈബ്രറി വികസനം<br>◆ ക്ലാസ്സ് ലൈബ്രറി ആകർഷകമാക്കൽ<br>◆ അമ്മ വായന – അമ്മമാരുടെ വായനാക്കുറിപ്പുകൾ ക്ലാസ്സ് പി.ടി.എ കളിൽ അവതരിപ്പിക്കുന്നു.<br>◆ വായനാ കാർഡുകൾ തയാറാക്കൽ. | ➢ ജൂൺ<br>➢ അധ്യായന വർഷം മുഴുവൻ<br>➢ ജൂൺ<br>➢ അധ്യായന വർഷം മുഴുവൻ<br>➢ ജൂൺ - ജൂലൈ | • അധ്യാപിക<br>• സി.പി.ടി.എ<br>• അധ്യാപിക<br>• സി.പി.ടി.എ<br>• അധ്യാപിക | ■ പി.ടി.എ<br>■ സി.പി.ടി.എ<br>■ അധ്യാപിക<br>■ സി.പി.ടി.എ |
| ✗ ലേഖനം. വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുവാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | ◆ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക.<br>◆ ജൂൺ 5 പരിസ്ഥിതി ദിനം - പോസ്റ്റർ.<br>◆ ജൂൺ 19 വായനാദിനം - വായനാവാരം | ➢ ജൂൺ<br>➢ ജൂൺ | • അധ്യാപിക | ■ ക്ലാസ്സ് പി.ടി.എ |
| ✗ അക്ഷരങ്ങൾ തെറ്റുകൂടാ | ◆ ആഗസ്റ്റ് 6 ഹിരോഷിമാ | ➢ ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| തെ എഴുതുവാനു ള്ള ശേഷി വികസിപ്പി ക്കുക, വിവിധ ഭാഷാവ്യവ ഹാരങ്ങൾ രചന നടത്തുവാനു ള്ള ശേഷി കൈവരിക്ക ൽ. | ദിനം - പോസ്റ്റർ.<br>◆ ആഗസ്റ്റ് 9 നാഗസാക്കി ദിനം - പോസ്റ്റർ.<br>◆ ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം.<br>◆ സെപ്റ്റംബർ 5 അധ്യാപക ദിനം. പഴയകാല അധ്യാപകരുമാ യി അഭിമുഖം.<br>◆ ഒക്ടോബർ 5 ഗാന്ധി ജയന്തി, കുറിപ്പ് തയാറാക്കൽ.<br>◆ ഒക്ടോബർ 10 ദേശീയ തപാൽ ദിനം, കൂട്ടുകാരനൊരു കത്ത്.<br>◆ നവംബർ 1 കേരളപ്പിറവി, പ്രസംഗം.<br>◆ നവംബർ 14 ശിശുദിനം. | ➢ ആഗസ്റ്റ്<br>➢ സെപ്റ്റം ബർ<br>➢ ഒക്ടോബർ<br>➢ ഒക്ടോബർ<br>➢ നവംബർ | | |
| ✗ സർഗാത്മ ക പ്രകടനം. | ◆ കുട്ടികൾ തയാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്ക ൽ – വേദി :സി.പി.ടി.എ | ➢ അധ്യായന വർഷം മുഴുവൻ | • സി.പി.ടി. എ | ■ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✗ ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ◆ പ്രീ ടെസ്റ്റ്<br>◆ ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ➢ ജൂൺ<br>➢ ജൂൺ, ജൂലൈ | • അധ്യാപകൻ<br>• അധ്യാപിക, ക്ലാസ്സ് പി.ടി.എ | ■ പി.ടി.എ |
| ✗ 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | ◆ സംഖ്യാപാറ്റേണുകൾ<br>◆ നാണയങ്ങൾ, കളിനോട്ടുകൾ.<br>◆ പാറ്റേണുകൾ, ഗണിത ക്ലബ്ബ്. | ➢ ആഗസ്റ്റ്<br>➢ ആഗസ്റ്റ് | • അധ്യാപിക<br>• അധ്യാപിക, കുട്ടികൾ. | ■ ഇല്ല<br>■ ക്ലാസ്സ് പി.ടി.എ |
| ✗ എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | ◆ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | ➢ സെപ്റ്റംബർ | • അധ്യാപിക, കുട്ടികൾ | ■ ഇല്ല |
| ✗ സങ്കലന – വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ◆ മനഃകണക്കുകൾ.<br>◆ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ➢ ഒക്ടോബർ, നവംബർ | • അധ്യാപിക, കുട്ടികൾ | ■ ഇല്ല |
| ✗ ഗുണന വസ്തുതകൾ നേടൽ. | ◆ മനഃക്കണക്കുകൾ<br>◆ മഞ്ചാടിക്കളി. | ➢ ഡിസംബർ, ജനുവരി | • അധ്യാപിക, കുട്ടികൾ, സി.പി.ടി.എ | ■ ഇല്ല |

| | | | | |
|---|---|---|---|---|
| ✗ ഹരണകൃ യയുമായി ബന്ധപ്പെട്ട രേഖകൾ നേടൽ. | ◆ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. ◆ ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച്. | ➢ ഫെബ്രുവരി, മാർച്ച് | • അധ്യാപിക, കുട്ടികൾ | ■ ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ✗ നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | ◆ സസ്യങ്ങളെ തരംതിരിക്കൽ. ◆ പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം). | ➢ ജൂൺ, ജൂലൈ | • അധ്യാപിക | ■ ഇല്ല |
| ✗ പ്രകൃതി സംരക്ഷണം. | ◆ മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക. ◆ മഴക്കുഴി നിർമ്മാണം. ◆ വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മ സേനയ്ക്ക് കൈമാറൽ. | ➢ ആഗസ്റ്റ് ➢ സെപ്റ്റംബർ | • അധ്യാപിക • പി.ടി.എ • ഹരിതകർമ്മ സേന | ■ പി.ടി.എ |
| ✗ വ്യക്തി | ◆ കൈ കഴുകൽ – | ➢ സെപ്റ്റം | • JRC | ■ പിടിഎ |

| | | | | |
|---|---|---|---|---|
| ശുചിത്വം. | പരിശീലനം.<br>◆ പോസ്റ്റർ നിർമ്മാണം.<br>◆ ശുചിത്വ സന്ദേശം വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ. | ബർ<br>➢ ഒക്ടോബർ | യൂണിറ്റ്<br>• അധ്യാപിക<br>• കുട്ടികൾ | ■ ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| ✗ To study alphabets. | ◆ Pre – test<br>◆ Write sample words. | ➢ June<br>➢ July | • Teacher<br>• Students | ■ PTA |
| ✗ To study write and read sample words. | ◆ Circle the words from TB and read. | ➢ August<br>➢ September | • Teacher<br>• Students | ■ Nil |
| ✗ Creat more oppertunities for English speaking in the class room. | ◆ Class room communication should be in English, like May I drinks some water? May I go to bathroom?<br>◆ Hello<br>◆ Hello everyone<br>◆ Good morning<br>◆ Good morning everyone.<br>◆ Good afternoon everyone<br>◆ How are you?<br>◆ How are you all?<br>◆ How are you today?<br>◆ Let me take attendance? | ➢ Acadamic year | • Teacher<br>• Students<br>• Parents | ■ Nil |

# മധുരം മലയാളം std 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരിക്കൽ | | എസ്.ആർ.ജി, ക്ലാസ് ടീച്ചർ | |
| വായനശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരിക്കൽ കാലം വർഷംമുഴുവൻ | | എച്ച് എം,എസ് ആർ ജി, ക്ലാസ് ടീച്ചർ | പിടിഎ |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ പ്രവർത്തനം പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ, കഥയെഴുത്ത് കവിതാരചന | പ്രതിമാസം | എസ്.ആർ.ജി, ക്ലാസ് | |
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിലൂടെ നേടൽ( ഐസിടി) പ്രവർത്തനം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പിടിഎ |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ പ്രവർത്തനം ഭക്ഷ്യമേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിൽ ഒരു സദ്യ കാലം വർഷത്തിലൊരിക്കൽ | | എച്ച് എം, എസ്.ആർ.ജി, ക്ലാസ് പിടിഎ, ക്ലാസ് ടീച്ചർ | പിടിഎ |
| ഓർക്കാം അഭിമാനിക്കാം | സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | | എസ്.ആർ.ജി, ക്ലാസ് ടീച്ചർ | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയാൻ കലാരൂപങ്ങൾ - ചാർട്ട് പ്രദർശനം | വർഷത്തിലൊന്ന് | എസ്.ആർ.ജി, ക്ലാസ് പിടിഎ,ക്ലാസ് ടീച്ചർ | പിടിഎ |
| സർഗോത്സവം | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ<br><br>കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | എച്ച് എം,എസ് ആർ ജി ക്ലാസ് ടീച്ചർ | പിടിഎ |

| AIM | ACTIVITY | Time Period | Presentation |
|---|---|---|---|
| To speak, Read & write English without any mistakes | Games, Action songs.<br>-Listern and draw<br>-Read and write<br>- Hello English Activities<br>- conversations<br>- skit stories<br>- use ICT | June to march. | CPTA<br>SRG |
| To check the vocabulary and writing skills of pupils. | Pre test<br>Listening Skills<br>-Identify the naming words from the picture<br>- Identify the action words from the picture.<br>-Make the simple sentences using the word about picture<br>-Make simple description about the picture<br>-Growing sentences, . picture reading, self introductions<br>-Speech Bubble | June - July | CPTA<br>ASSEMBLY<br>SRG |
| Develop the creative speaking and writing | Reading skills<br><br>-Books reading<br>-Find words<br>-Collect and read past tense<br>-Rhyming words<br>-TB Activities<br><br>Writing Skills<br><br>-Make word web<br>-picture description<br>-Arranging eventsin the correct order<br>-Word chain<br>-Make words & Sentencess<br>-Make riddles, conversations<br>-Add more lines. | August - September | CPTA<br>SRG |
| To express thoughts, feelings etc.... | Reading skills<br><br>-Library book reading -Conversations, skit, Stories, | | SRG<br>CPTA |

| | | | |
|---|---|---|---|
| | -use ICT<br>-Read notice<br>-Develop story<br><br>Writing Skills<br><br>- Description<br>- Thoughts<br>-Give suitable title<br>-Play with Language<br>-Speech Bubble | October - November | |
| To develop reading and writing skills | Reading skills<br><br>- Library books reading<br>-Reader's Theatre<br>- Conversations ,skit Stories use ICT<br>- Develop story<br>- Reads dairy<br><br>Writing Skills<br><br>-Picture Story writing<br>-Dairy<br>-Announcement<br>-Thought<br>-Digital poster | December - January | CPTA<br>SRG<br>ASSEMBLY |

| | | | |
|---|---|---|---|
| To improve the presentation power | Reading Skills<br><br>-Library book reading<br>-Conversation, Skit, stories<br>-develop story<br><br>Writing Skills<br><br>-Dairy<br>-Description<br>-Thought<br>-Exhibition | February - March | CPTA<br>SRG<br>ASSEMBLY<br>PADANOLSAVAM |

# ഗണിതം
# കളിക്കാം ഗണിക്കാം ലക്ഷ്യം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ (ഏണിയും പാമ്പും,ഡയസുകളി, സങ്കലനം -വ്യവകലനം (കച്ചവടക്കളി ) | വർഷം മുഴുവൻ | എസ് ആർ ജി,ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ, കരചലനശേഷി വികാസം<br><br>ഗണിതലാബൊരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ, ഓർഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത പഠനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിനു ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ<br><br>ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണം ങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | പിടിഎ |
| ഗണിത മേള | ഗണിതശേഷികളുടെ പ്രകടനം<br><br>പ്രശ്നോത്തരി,പസിൽ, pattern,പഠനഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | പിടിഎ |

# പരിസര പഠനം

## പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിരീക്ഷണം-അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | എച്ചം ക്ലാസ്, പിടിഎ | പിടിഎ |
